# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.655 13.06.2012 ൽ മറുപടിക്ക്

പൊതുജനാരോഗ്യനയം

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ പൊതുജനാരോഗ്യ നയം പരിഷ്കരിക്കുന്നതിന് ഉദ്ദേശി ക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നകാര്യം സർക്കാർ പരിശോധിച്ചു വരുകയാണ്. |
| (ബി) | വിവിധ ആരോഗ്യ മേഖലയിലെ നിയമങ്ങൾ ഏകീകരിക്കാനും ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തസ്തികകളുടെ നോംസ് പുന:ക്രമീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | പൊതുജനാരോഗ്യത്തെ പ്രതികൂല മായി ബാധിക്കുന്ന പുകയില ഉൽപ്പന്നങ്ങൾ നിരോധിച്ച നടപടി കാര്യക്ഷമമായി നടപ്പിലാ ക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് പരിശോധിക്കുമോ; | (സി) | കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്. ഫുഡ്സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണ ത്തിലുള്ള ഉദ്യോഗസ്ഥരും പോലീസും നിരോധിക്കപ്പെട്ട ഉല്പന്നങ്ങൾ വിൽക്കാൻ സാധ്യതയുള്ള വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവികൾ എന്നിവരുടെ നേതൃത്വത്തിൽ ജാഗ്രതാസമിതികൾ രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. നിരോധിച്ച ഉല്പന്നങ്ങൾ സംസ്ഥാനത്ത് പ്രവേശിക്കുന്നത് തടയുവാനായി എല്ലാ ചെക്ക് പോസ്റ്റുകളിലും ജാഗ്രത |

| | | | |
|---|---|---|---|
| | | | പാലിക്കുന്നുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തേക്ക് കൊണ്ടു വന്ന 30 ടണ്ണോളം നിരോധിക്കപ്പെട്ട ഉല്പന്നങ്ങൾ ചെക്ക് പോസ്റ്റിൽ വെച്ച തന്നെ ഇതിനകം തിരിച്ചയച്ചിട്ടുണ്ട്. നിരോധനത്തെ സംബന്ധിച്ച പരസ്യം വിവധ പത്രങ്ങളിൽ കൂടിയും, നിരോധനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പൊതുജനങ്ങളുടെയും വിവിധ രാഷ്ട്രീയ സാമൂഹിക സംഘടനകളുടെയും സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) | ഭക്ഷണ സാധനങ്ങളിൽ ഉപയോഗിക്കുന്ന 'അജിനോമോട്ടോ' കൂടി നിരോധിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | 2006 ലെ ഭക്ഷ്യ സുരക്ഷാ നിലവാര നിയമപ്രകാരം ഉണ്ടാക്കിയ 2011 ലെ ഭക്ഷ്യ സുരക്ഷാ നിലവാര റെഗുലേഷനിൽ Table10(H) പ്രകാരം അജിനോമോട്ടോ താഴെപ്പറയുന്ന ഭക്ഷണ പദാർത്ഥങ്ങളിൽ ചേർക്കുവാൻ അനുവദിച്ചിട്ടുണ്ട്.<br>Culinary paste/other sources, soup powder, fruit powder, vegetable powder, instant fruit/vegetable, chutney (mixed dry) culinary powder,seasoning mixed powder എന്നിവയിൽ good manufacturing practice അനുസരിച്ച് അജിനോ മോട്ടോ ചേർക്കാവുന്നതാണ്. ആയതിനാൽ അജിനോ മോട്ടോ നിരോധിക്കുവാൻ നിലവിൽ സാധ്യമാവുകയില്ല. |

സെക്ഷൻ ഓഫീസർ